**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 297 — 22/02/2016-ൽ മറുപടിയ്ക്ക്

# നാളികേര കൃഷി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.കെ.കെ.ലതിക**<br>**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**,, പി.ടി.എ. റഹീം**<br>**,, റ്റി.വി.രാജേഷ്** | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തെ നാളികേര ഉല്പാദനക്ഷമത നിലവിൽ മറ്റ് സമീപ സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞു പോയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉല്പാദനക്ഷമത പല കാരണങ്ങളാലും കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) ഇക്കാര്യത്തിൽ കൃഷി വകുപ്പ് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. |
| സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളികേര കൃഷി വികസനത്തിനായി നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; എന്തു തുക ചെലവഴിച്ചുവെന്ന കണക്ക് ലഭ്യമാണോ; | സി) **2011-2012**<br>1. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ളതും, അത്യുല്പാദന ശേഷിയുള്ളതുമായ തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യതിന് 45.80 ലക്ഷം രൂപ വിനിയോഗിച്ചു.<br>2. കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം ജില്ലകളിലെ തിരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ഗുണമേന്മയുള്ള WCT തേങ്ങകൾ സംഭരിച്ച്, തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കാൻ 59.97 ലക്ഷം രൂപ വിനിയോഗിച്ചു. |

3. നാളികേര വികസന ബോർഡിന്റെ സഹായത്തോടു കൂടി നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി) അവലംബിക്കുന്നതിന് 264.27 ലക്ഷം രൂപ ചെലവഴിച്ചു.
4. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി കേരശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് 2941.45 ലക്ഷം രൂപ വിനിയോഗിച്ചു.
5. നാളികേര വികസന ബോർഡ് കൃഷി വകുപ്പിന്റെ പങ്കാളിത്തത്തോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ കേന്ദ്ര സബ്സിഡിയോടെ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയതിന് 474.514 കോടി രൂപ ചെലവഴിച്ചു.
6. കുട്ടനാട് പാക്കേജ് പ്രദേശങ്ങൾ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ നാളീകേര വികസന പദ്ധതിയ്ക്ക് 140.624 ലക്ഷം രൂപ ചെലവഴിച്ചു.

<u>2012-2013</u>

1. സങ്കരവർഗ്ഗ തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി (കേന്ദ്രാവിഷ്കൃതപദ്ധതി 50%) 104.79 ലക്ഷം ചെലവഴിച്ചു.

2. നാളീകേര കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ (നാളീകേര വികസനബോർഡ് പദ്ധതി -100% കേന്ദ്രാവിഷ്കൃതം)- ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവയ്ക്കായി ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം 91.14 ലക്ഷം രൂപയും കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം 399.2 ലക്ഷം രൂപയും ചിലവഴിച്ചു. ആകെ ചിലവ് 490.34 ലക്ഷം രൂപയാണ്.
3. നാളീകേര വികസന പദ്ധതി (സംസ്ഥാനാവിഷ്കൃതം)യായ കേരശ്രീ പദ്ധതി പ്രകാരം 4475.92 ലക്ഷം രൂപ ചെലവഴിച്ചു.
4. നാളീകേര വികസനബോർഡ് കൃഷി വകുപ്പിന്റെ പങ്കാളിത്തത്തോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പാക്കിയ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം 11894.974 ലക്ഷം രൂപ ചെലവഴിച്ചു.
5. ആർ.കെ.വി.വൈ പദ്ധതി പ്രകാരമുള്ള നാളീകേര കൃഷി വികസനത്തിനായി 1049.62 ലക്ഷം രൂപ ചെലവഴിച്ചു.

<u>2013-2014</u>

1. ഗുണമേന്മയുള്ളതും, അത്യുല്പാദനശേഷിയുള്ളതുമായ സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം (50% കേന്ദ്രാവിഷ്കൃത പദ്ധതി) 23.5694 ലക്ഷം രൂപ ചെലവഴിച്ചു.
2. ഗുണമേന്മയുള്ള വിത്ത് തേങ്ങ സംഭരിച്ച് തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുവാൻ 29.9 ലക്ഷം രൂപ ചെലവഴിച്ചു.
3. സംസ്ഥാനവിഷ്കൃത നാളികേര വികസന പദ്ധതി (കേരശ്രീ) മുഖേന തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനും, രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും, പുനർനടീൽ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം, കേര ക്ലസ്റ്ററുകളുടെ വികസനം, ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉല്പാദനം എന്നിവയ്ക്കായി 4827.27 ലക്ഷം രൂപ ചെലവഴിച്ചു.
4. ഉല്പാദന വർദ്ധനവിനായി സംയോജിത കൃഷിക്കു വേണ്ടിയുള്ള നാളികേര വികസനബോർഡ് പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി) യിൽ ഉൾപ്പെടുത്തി ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നീ നാളികേര വികസന പദ്ധതികൾക്കായി 519.54586 ലക്ഷം രൂപ ചെലവഴിച്ചു.
5. ചെറുകിട നാമമാത്ര കർഷകർക്കായുള്ള

നാളികേര വികസനപദ്ധതി (ആർ കെ വി വൈ) പദ്ധതി പ്രകാരം ഇടുക്കി, വയനാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ 5837.2 ഹെക്ടറിൽ 2160.79252 ലക്ഷം രൂപ ചെലവഴിച്ചു.

**2014-15**

1. കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ സമഗ്ര നാളികേര കൃഷിയായ - കേരഗ്രാമം പദ്ധതി പ്രകാരം 26 കേരഗ്രാമങ്ങൾക്കായി ആകെ 2468.12668 ലക്ഷം രൂപ ചെലവഴിച്ചു.
2. കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് - ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം സംയോജിത തെങ്ങ് കൃഷി വികസനത്തിനായി 223.62458 ലക്ഷം രൂപ ചെലവഴിച്ചു.

**2015-2016**

1. 2014-15 വർഷത്തെ നാളീകേരവികസന പദ്ധതിയായ 'കേരഗ്രാമം' 2015-16 വർഷവും കാസറഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇതിനായി 4308.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
2. നാളികേര വികസന ബോർഡ് പദ്ധതിയായ ഇടുക്കി പാക്കേജ് പദ്ധതിയുടെ 2-ാം വർഷ ആനുകൂല്യത്തിനായി 60.375 ലക്ഷം രൂപ വകയിരുത്തിയത് പൂർണ്ണമായും വിനിയോഗിച്ചു.

ഡി) ഇത് എത്രത്തോളം ഫലപ്രദമായി- രുന്നുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഡി) കൃഷി വകുപ്പ് കാലാകാലങ്ങളിൽ പദ്ധതികളുടെ അവലോകനം വിവിധ തലങ്ങളിൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആവശ്യാനുസരണമുള്ള മാറ്റങ്ങൾ വരുത്തുകയും ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ